27/07/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം-695 001**

Email: sic.ker@nic.in

ഹർജി നമ്പർ **AP 2883(3)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.15985/SIC-Gen1/2019**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂലൈ 19

ശ്രീ. ആന്റണി മാത്യു,
S/o സി.പി. ആന്റണി,
പൊയ്കയിൽ, ബി.എസ്.എൻ.എൽ ഭവന് എതിർവശം,
കളത്തിപ്പറമ്പിൽ റോഡ്, എറണാകളം സൗത്ത്,
കൊച്ചി – 682 016.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് രജിസ്ട്രാർ,
ശ്രീ മൂലനഗരം,
ശ്രീ മൂലനഗരം പിഒ.,എറണാകുളം.
2. അപ്പീൽ അധികാരി &
ജില്ലാ രജിസ്ട്രാർ (ജനറൽ),
എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 17.7.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.8.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 3.8.2019 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.8.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5.10.2019 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 5.10.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 9.2.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 15.7.2022, Govt Guest House, EKM. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. ആന്റണി മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ

അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം മൂന്നാം കക്ഷി വിവരമാണെന്ന് കാണിച്ച് നിരസിച്ചതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരിയും ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ച് അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് ടിയാൻ ആവശ്യപ്പെട്ട രേഖ പകർപ്പ് നൽകാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.7.2019-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരമാണ് :

> Furnish a copy of Power of Attorney Registered as document No.92 of 2007 of SRO Sreemoolanagaram executed by P. Wilson in favour of Martin Antony.

3. മേൽപ്പടി അപേക്ഷയ്ക്ക് 1.8.2019-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം മൂന്നാം കക്ഷിയെ സംബന്ധിച്ചുള്ള വിവരം ആകയാൽ ആയതിന്റെ വെളിപ്പെടുത്തൽ സംബന്ധിച്ചുള്ള സമ്മതം ആരാഞ്ഞുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി എന്നും, ടി കക്ഷി നൽകിയ മറുപടിയിൽ വിവരങ്ങൾ നൽകുവാൻ രേഖാമൂലം എതിർപ്പ് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ വിവരങ്ങളോ രേഖകളോ നൽകാൻ നിർവ്വാഹമില്ലെന്നായിരുന്നു. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 3.8.2019-ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 30.8.2019-ന് പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചുകൊണ്ടുള്ളതായിരുന്നു എന്നും കാണുന്നു.

4. രണ്ടാം എതിർകക്ഷി 3.2.2022-ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരനായ ശ്രീ. ആന്റണി മാത്യു എതിർകക്ഷിയായ ശ്രീമൂലനഗരം സബ് രജിസ്ട്രാർ മുമ്പാകെ 17.7.2019-ന് സമർപ്പിച്ച അപേക്ഷ പ്രകാരം പത്രോസ് മകൻ വിൽസൺ എന്ന ആൾ മാർട്ടിൻ ആന്റണി പേർക്ക് എഴുതി കൊടുത്ത മുക്ത്യാറിന്റെ (വാല്യം നമ്പർ 142, 92/2007) സക്ഷ്യപ്പെടുത്തിയ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് എതിർകക്ഷിയായ ശ്രീമൂലനഗരം സബ് രജിസ്ട്രാർ/പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചാണ് ഹർജിക്കാരൻ അപ്പീൽ

സമർപ്പിച്ചിരുന്നതെന്നും ടി അപ്പീൽ ഹർജിയിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എതിർകക്ഷിയോട് വിശദീകരണം ആവശ്യപ്പെടുകയും ഹർജിക്കാരന്റെ ഭാഗം കേൾക്കുന്നതിനായി ഓഫീസിൽ ഹാജരാകുവാൻ ടിയാന് അവസരം നൽകിഎന്നും എന്നാൽ ടിയാൻ ഹാജരായില്ലെന്നുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് 92/IV/2007-നമ്പർ ആധാരത്തിന്റ കോപ്പിയാണെന്നും ടി ആധാരം പരിശോധിച്ചതിൽ നിന്നും മാർട്ടിൻ ആന്റണി പേർക്ക് എഴുതികൊടുത്ത ഒരു മുക്ത്യാർ ആധാരമാണെന്നു കണ്ടുവെന്നും, ടി മുക്ത്യാർ ആധാരപ്രകാരം പത്രോസ് മകൻ വിൽസൺ എന്നയാൾ തനിക്കവകാശപ്പെട്ട സ്ഥാവര വസ്തു സംബന്ധിച്ച് ടിയാന്റെ അസാന്നിധ്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ മാർട്ടിൻ ആന്റണി എന്നയാളെ ചുമതലപ്പെടുത്തിയതായി കാണുന്നുവെന്നും മുക്ത്യാർ രണ്ടു വ്യക്തികൾ തമ്മിലുള്ള പരസ്പരം നിർവ്വഹിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച ഒരു കരാർ ആയതിനാൽ നാലാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, ശ്രീ.ആന്റണി മാത്യു ആവശ്യപ്പെട്ടിരിക്കുന്നത് ഒരു മൂന്നാം കക്ഷി സംബന്ധിച്ച വിവരമാണെന്നതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമം 11 പ്രകാരം ആയതിന്റെ വെളിപ്പെടുത്തൽ സംബന്ധിച്ചുള്ള സമ്മതം ആരാഞ്ഞുകൊണ്ട് ബന്ധപ്പെട്ട കക്ഷികളായ മാർട്ടിൻ ആന്റണി, വിൽസൺ എന്നിവർക്ക് 18.7.2029-ന് കത്തയച്ചിട്ടുള്ളതാണെന്നും ടി കത്തിന് ബന്ധപ്പെട്ട കക്ഷിയായ മാർട്ടിൻ ആന്റണി നൽകിയ മറുപടിയിൽ ടി ആധാരം സംബന്ധിച്ചുള്ള വിവരങ്ങൾ ഹർജിക്കാരന് നൽകുവാൻ രേഖാമൂലം എതിർപ്പ് അറിയിച്ചിരുന്നുവെന്നും ആയതിന്റെ വെളിച്ചത്തിൽ തുടർ നടപടികൾ ആവശ്യമില്ല എന്ന തീരുമാനത്തിൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനെയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിലും ഈ അപ്പീലിലെ വിഷയം സെൻട്രൽ ഇൻഫർമേഷൻ കമ്മീഷന്റെ Mranil Singh Vs. Gnctd എന്ന അപ്പീലിലെ 16.2.2015-ലെ ഉത്തരവിലെ വിഷയത്തിന് സമാനമാണെന്നു കാണുന്നു. മേൽ പറഞ്ഞ അപ്പീൽ ഹർജിയിൽ സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ താഴെ പറയും പ്രകാരം തീർപ്പാക്കുകയുണ്ടായി.

“ The Commission in conclusion observes that GPA is a public document because the grantee has to use it to convince any prospective purchaser. Because the purpose of GPA is to authorise another person to deal with the others ie., to lease out, sale or mortgage etc., it is an open document and after being registered it is put in public domain, and when transferred to Delhi Archives, it continued to be in public domain, disclosure of which was permitted

by the Registration Act 1908 also in a limited way. It will be in the interest of the prospective purchaser to verify the veracity of the documents including GPA before finalizing the deal. Registered GPA is an authenticated documentation of giving power of attorney to deal with immovable property, which can be accessed by persons interested in purchasing that property to rule out encumbrances if any. It is the duty of Registrar office to give certified copy of such encumbrance or issue 'no encumbrance certificate '. The RTI Act made it CIC/SA/C/2014/000372 page 9 obligatory to disclose any document which is held by public authority unless exemptions as mentioned in Section 8 are attracted " .

6. മേൽ പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് എസ്.പി.ഐ.ഒ ടിയാൻ ആവശ്യപ്പെട്ട പകർപ്പ് 12.8.2022–നകം നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂലൈ 19–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk